പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1188 12.07.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോയിൽ കൂടുതൽ ബസുകൾ അനുവദിക്കാൻ നടപടി

**ചോദ്യം**

ശ്രീ. ഡി.കെ. മുരളി

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ എത്രയാണെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. പാലോട് ഡിപ്പോയിൽ നിന്ന് 34 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു. |
| (ബി) | പ്രസ്തുത സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ ബസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പാലോട് ഡിപ്പോയിൽ 3 ജൻറം ഷെഡ്യൂൾ ഉൾപ്പെടെ 40 സർവ്വീസുകളാണുള്ളത്. ഈ സർവ്വീസുകൾ നടത്തുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 44 ബസുകൾ ആവശ്യമാണ്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിലവിൽ എത്ര ബസുകളാണുള്ളതെന്ന് അറിയിക്കുമോ; | (സി) | പാലോട് ഡിപ്പോയിൽ 3 ജൻറം ബസുകൾ ഉൾപ്പെടെ 40 ബസുകൾ ഉണ്ട്. |
| (ഡി) | പ്രസ്തുത ഡിപ്പോയിലെ മുഴുവൻ സർവ്വീസുകളും സുഗമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് കുറവുള്ള ബസുകളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ; | (ഡി) | പാലോട് ഡിപ്പോയിൽ നിലവിൽ 4 സ്പെയർ ഓർഡിനറി ബസുകളുടെ കുറവ് ഉണ്ട്. |
| (ഇ) | ബസുകളുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിനും, പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും ആവശ്യമായ ബസുകൾ പുതുതായി അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ നല്കുന്ന കാര്യം പരിഗണിക്കുന്നതും, പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ